# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 496** **25.10.2016- ൽ മറുപടിക്ക്**

### സ്കൂളുകളിൽ കൈത്തറി യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സ്കൂളുകളിൽ കൈത്തറി യൂണിഫോം നൽകുവാനുള്ള പദ്ധതി പ്രാവർത്തികമായാൽ ആവശ്യമായത്ര തുണി സജ്ജമാക്കാൻ കൈത്തറി മേഖലയിലെ നിലവിലെ ഉല്പാദനം പര്യാപ്തമാണോ ; | (എ) & (ബി) കേരളത്തിലെ കൈത്തറി വ്യവസായത്തിന്റെ വളർച്ചയും കൈത്തറി തൊഴിലാളികളുടെ ഉന്നതിയും ലക്ഷ്യമിട്ട് അടുത്ത അദ്ധ്യയന വർഷം മുതൽ 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.ഇങ്ങനെ ഏകദേശം 25 ലക്ഷം വിദ്യാർത്ഥികൾക്ക് 2 ജോഡി യൂണിഫോം വീതം നൽകുന്നതിന് 130 ലക്ഷം മീറ്റർ തുണി ആവശ്യമുണ്ട്. ഇത്രയും തുണി സജ്ജമാക്കുവാൻ കൈത്തറി മേഖലയിലെ നിലവിലെ ഉൽപാദനം അപര്യാപ്തമായതിനാൽ, ആദ്യ വർഷം 1-ാം ക്ലാസ് മുതൽ 5-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കു മാത്രമായി സൗജന്യ യൂണിഫോം നിജപ്പെടുത്താനും ബാക്കി 8-ാം ക്ലാസ് വരെയുള്ള യൂണിഫോം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള രീതിയിൽ പണം നൽകാമെന്നും തീരുമാനിച്ചിട്ടുണ്ട്. നിലവിലെ ആവശ്യകത മനസ്സിലാക്കി ഉൽപാദനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൈത്തറി യൂണിഫോം തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ